**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് രാമനാട്ടുകരയിലെ വാഹനാപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് രാമനാട്ടുകരയിലെ സ്വർണക്കടത്ത് കേസിലെ പ്രതികൾക്ക് ടി. പി. ചന്ദ്രശേഖരൻ വധകേസിലെ പ്രതികൾ സഹായം നൽകിയെന്ന് പ്രതികളിൽ ഒരാൾ കസ്റ്റംസിനു മൊഴി നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ടി. പി. വധക്കേസ് പ്രതികളായ കൊടി സുനിക്കും മുഹമ്മദ് ഷാഫിക്കും സ്വർണ്ണക്കടത്തിന്റെ പങ്ക് നൽകിയെന്നും ഇവർ പ്രതികളെ ഒളിവിൽ പോകാൻ സഹായിച്ചിരുന്നുവെന്നും രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതി അർജ്ജുൻ ആയങ്കി കസ്റ്റംസിന് മൊഴി നൽകിയിട്ടുണ്ടോ; | (ബി) | വിവരം ലഭ്യമല്ല. |
| (സി) | ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട ജയിലിൽ കഴിയുന്ന പ്രതികൾ ജയിലിലിരുന്നുകൊണ്ട് സ്വർണ്ണക്കടത്തടക്കമുള്ള കേസുകളിലെ പ്രതികൾക്ക് സഹായം ചെയ്യുന്നുവെന്ന ആക്ഷേപം അന്വേഷണ വിധേയമാക്കുമോ; | (സി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ജയിലിൽ അനധികൃതമായി ഫോൺ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുത്തുവെന്ന ആരോപണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എങ്കിൽ ഈ കേസിന്റെ വിശദാംശങ്ങൾ നൽകാമോ; | (ഡി) | ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾ 2014- ൽ വിയ്യൂർ സെൻട്രൽ ജയിലിൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തുകയുണ്ടായി. ഇതേതുടർന്ന് 5 ജീവനക്കാരെ വിവിധ ജയിലുകളിലേക്ക് സ്ഥലം മാറ്റി. ഇക്കാര്യത്തിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 854/2014 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ 2019-ൽ നടന്ന റെയ്ഡിലും സമാനമായ കണ്ടെത്തലുകളുണ്ടായതിനെത്തുടർന്ന് തടവുകാരെ ആ ജയിലിൽ നിന്നും മാറ്റിപ്പാർപ്പിച്ച. |

| | | | |
|---|---|---|---|
| | | | ഇക്കാര്യത്തിൽ ക്രൈം നം. 632/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് വിയ്യൂർ പോലീസ് അന്വേഷണം നടത്തിവരുന്നു. |
| (ഇ) | ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളിൽ ചിലർക്ക് പരോൾ അനുവദിച്ചത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ഇ) | 2014 -ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും നിർവ്വഹണങ്ങളും ചട്ടങ്ങളിലെ ചട്ടം 397 പ്രകാരം ദേശ സുരക്ഷയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, ഇൻഡ്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, 376 വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, പോക്സോ വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, പതിവ് കുറ്റവാളികൾ മുതലായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെ ഒരു വർഷമൊ അതിലധികമൊ കാലത്തേയ്ക്ക് ശിക്ഷ അനുഭവിയ്ക്കുന്ന ശിക്ഷാ പ്രതികൾക്ക് ശിക്ഷയുടെ മൂന്നിലൊന്നൊ രണ്ട് വർഷമൊ ഏതാണ് ആദ്യം വരുന്നത് പ്രസ്തുത ശിക്ഷാ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പോലീസ്, പ്രൊബേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണാവധിയ്ക്ക് അർഹതയുണ്ട്. ചട്ടം 469 പ്രകാരം ക്രമസമാധാന പ്രശ്നം ചൂണ്ടികാട്ടി ഒന്നിൽ കൂടുതൽ പോലീസ് റിപ്പോർട്ട് പ്രതികൂലമായി വരുകയും പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമായിരിക്കുകയും മറ്റെല്ലാത്തരത്തിലും അവധിയ്ക്ക് അർഹത നേടുകയും ചെയ്തിട്ടുള്ള തടവുകാർക്ക് ബന്ധപ്പെട്ട ഉപദേശക സമിതി പരോൾ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിയ്ക്കുകയും പ്രസ്തുത തടവുകാർക്ക് സർക്കാർ അവധി പാസാക്കി നൽകുകയും ചെയ്താൽ സാധാരണാവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ചട്ടം 399 പ്രകാരം മൂന്ന് വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുകയും മൂന്ന് പോലീസ് റിപ്പോർട്ട് പ്രതികൂലമായി ലഭിയ്ക്കുകയും പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമായിരിയ്ക്കുകയും ചെയ്യുന്ന തടവുകാർക്ക് ബന്ധപ്പെട്ട പുനരവലോകനസമിതി പരോൾ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിയ്ക്കുകയും സർക്കാർ അവധി പാസാക്കി നൽകുകയും ചെയ്ത തടവുകാർക്ക് സാധാരണാവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ടി.പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾ ജയിൽ ചട്ടപ്രകാരമുള്ള പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് സാധാരണാ വധിയ്ക്ക് അർഹത ലഭിച്ചവരാണ്. 2014-ലെ ജയിൽ ചട്ടം 400 പ്രകാരം ശിക്ഷാ തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം മരണാസന്നമായ രോഗാവസ്ഥ, വിവാഹം, എന്നിവയ്ക്ക് അനുകൂല പോലീസ് റിപ്പോർട്ടിന്റെയും |

| | | | |
|---|---|---|---|
| | | | തടവുകാരൻ താമസിക്കുന്ന വീടിന്റെ പുനർ നിർമ്മാണത്തിന് തഹസീൽദാരുടെ റിപ്പോർട്ടിന്റെയും, അനുകൂല പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തിരാവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ജയിൽ ചട്ടം 400 -ൽ വിവക്ഷിക്കുന്ന ആവശ്യങ്ങൾക്കു മാത്രമെ ടി.പി.കേസിലെ പ്രതികൾക്ക് അടിയന്തിരാവധി അനുവദിച്ചിട്ടുള്ളൂ. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാധാരണാവധിയ്ക്ക് അർഹതയുള്ള തടവുകാർക്ക് അവധി അനുവദിച്ച മാനദണ്ഡങ്ങളിൽ ടി.പി.കേസിലെ പ്രതികൾ ഉൾപ്പെട്ടതിനാലാണ് ടിയാന്മാർക്കും മറ്റ് തടവുകാർക്കൊപ്പം അവധി അനുവദിച്ചിട്ടുള്ളത്. ടി.പി.കേസിലെ പ്രതികൾക്ക് ക്രമവിരുദ്ധമായി യാതൊരുവിധ അവധിയും സർക്കാർ അനുവദിച്ചിട്ടില്ല. |
| (എഫ്) | പരോളിൽ ഇറങ്ങി സ്വർണ്ണക്കടത്ത് പോലുള്ള ഗുരുതര കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകിയതായി ആക്ഷേപം ഉണ്ടായ പശ്ചാത്തലത്തിൽ ടി. പി. വധക്കേസ് പ്രതിയുടെ പരോൾ റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | ടി.പി. വധ കേസിൽ പുറത്തിറങ്ങിയ പ്രതികൾ പരോൾ ചട്ടലംഘനം നടത്തിയതായിട്ടുള്ള സ്റ്റേഷൻ ഹൗസ് ഓഫീസറുടേയോ ജില്ലാ പോലീസ് മേധാവിയുടേയോ റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത തടവുകാരുടെ പരോൾ റദ്ദ് ചെയ്ത് തിരികെ ജയിലിൽ പ്രവേശിപ്പിക്കുന്നതിനുള്ള ജയിൽ റൂൾ 412 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ